ഫാക്ടംഫോസിന് പുറമേ 5000 ടൺ ഫാക്ടംഫോസ് കൂടി സംസ്ഥാനത്തിന് അനുവദിച്ചു. ജൂലൈ മാസത്തിൽ ഇതുവരെ 10968 ടൺ ഫാക്ടംഫോസ് വിതരണം ചെയ്തുകഴിഞ്ഞു. ഇതിനുപുറമെ ഇഫ്കോ 2653 ടൺ കോംപ്ലക്സ് വളം പാലക്കാട്ട് കൊണ്ടുവന്ന് തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തെക്കുള്ള ഒരു പ്രശ്നം കോട്ടയത്തും കായംകുളത്തുമാണ് ഇതിന് റെയിൽസ് പോയിന്റ് ഉള്ളത്. അവിടെ റെയിൽവേ വാഗൺ പലപ്പോഴും അനുവദിക്കാത്തതുകൊണ്ട് കോട്ടയം, കായംകുളം മേഖലയിൽ വരുന്നതാണ് തെക്കൻ കേരളത്തിൽ വിതരണം നടത്തുന്നത്. അപ്പോൾ ഈ വാഗണിന്റെ ക്ഷാമം ചിലപ്പോൾ അനുഭവപ്പെടുന്നുണ്ട്. പക്ഷേ ഇപ്പോൾ ഈ ജൂലൈ മാസത്തിൽ അത് അനുഭവപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(10) അംഗീകൃത ഹോസ്റ്റലുകളിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നല്ല രീതിയിൽ സഹായം ചെയ്തിട്ടുണ്ട്. അതിന് നന്ദിയുണ്ട്. എന്റെ സബ്മിഷൻ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന ഹോസ്റ്റലുകളിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത് ജില്ലാ ഓഫീസുകൾ വഴിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തിരുവനന്തപുരത്തെ സർക്കാർ റെക്കഗ്നൈസ്ഡ് ഹോസ്റ്റലുകളിന്മേൽ സർക്കാരിന്റെ നിയന്ത്രണം സംബന്ധിച്ചാണ് സബ്മിഷൻ. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൻ കീഴിൽ 8 പ്രീ-മെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളത്. ഇവയിലെല്ലാം വകുപ്പുകളുടെ ജില്ലാതല ഓഫീസുകളിൽ നിന്ന് നേരിട്ടാണ് പ്രവേശനം നടത്തുന്നത്. ഈ ഹോസ്റ്റലുകളെല്ലാം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടത്തിവരുന്നത്. തിരുവനന്തപുരം ജില്ലയിൽ 7 സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് ആനുകൂല്യം നൽകിവരുന്നു. എൽ.എം.എസ്. വിമൻസ് കോളേജ്, പാളയം; എസ്.എൻ.വി. സദനം, ബേക്കറി ജംഗ്ഷൻ; ലേഡീസ് വെൽഫെയർ ഹോസ്റ്റൽ, നന്ദാവനം; രാമകൃഷ്ണ ഹോസ്റ്റൽ, തൈയ്ക്കാട്; സനാതന മിഷൻ ഹോസ്റ്റൽ, വഴുതക്കാട്; വൈ.ഡബ്ല്യൂ.സി.എ., സ്റ്റാറ്റ്യൂ; വൈ.എം.സി.എ., സ്റ്റാറ്റ്യൂ എന്നിവയാണ് ഈ ഹോസ്റ്റലുകൾ. കൂടാതെ സ്ഥാപനങ്ങൾ നേരിട്ടു നടത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഹോസ്റ്റലുകളിലും പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസ് നൽകിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം അഡ്മിഷൻ നൽകുന്നത് അതാത് സ്ഥാപനങ്ങൾ നേരിട്ടാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവി നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനത്തോടു ചേർന്ന് ഹോസ്റ്റൽ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമല്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി 1500 രൂപ ഹോസ്റ്റൽ ഫീസാനുകൂല്യം നൽകിവരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ നിർദ്ദേശം അനുസരിച്ചാണ് ഈ ആനുകൂല്യം നൽകിവരുന്നത്.

(11) ടൂറിസ്റ്റുകൾ അക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ഡി. സതീശൻ : സർ, കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിലെ ആര്യങ്കാവ് പഞ്ചായത്തിൽ ടൂറിസ്റ്റുകളായി വന്ന ഒരു കുടുംബത്തിലെ പിതാവിനെ ബന്ധനസ്ഥനാക്കി ക്രൂരമായി മർദ്ദിച്ചശേഷം ഭാര്യയെയും മകളെയും അവിടെത്തെ വനസംരക്ഷണ പ്രവർത്തകർ എന്നു പറയുന്ന കുറച്ച് ആളുകൾ മാനഭംഗപ്പെടുത്തിയെന്നുള്ള വാർത്തയുടെ സത്യാവസ്ഥ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, വനം വകുപ്പും ഒരു അന്വേഷണം നടത്തുന്നുണ്ട്, പാരലലായിട്ട് ആഭ്യന്തര വകുപ്പും അന്വേഷിക്കുന്നുണ്ട്; അതിന്റെ വിവരം ഈ സഭയിൽ പറയാമെന്നു പറഞ്ഞിരുന്നു. എല്ലാ ദിവസവും പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ പറയുന്നില്ല.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, അന്വേഷണം രണ്ടും നടന്നു. ഒരു ഘട്ടം പൂർത്തിയായി. ഇവിടെ ഉന്നയിക്കപ്പെട്ടതുമാതിരി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. പക്ഷെ അതുണ്ടായത് ഏതാനും മാസങ്ങൾക്ക് മുമ്പാണ്. അവിടെ വി.എസ്.എസ്സിന്റെ ദിവസക്കൂലിക്കാരായ ഗൈഡായി ജോലി ചെയ്യുന്ന മൂന്നു പേർ- മണികണ്ഠൻ, ഷാഹുൽ ഹമീദ്, ഉണ്ണിക്കൃഷ്ണൻ ഈ മൂന്നു ദിവസക്കൂലിക്കാർ ഏതാനും മാസം മുമ്പ് മണികണ്ഠന്റെ മൊബൈൽ ഫോണിൽ ഒരു ചിത്രം എടുത്തിട്ടുണ്ട്. സ്ത്രീകളുടെ ഒരു ചിത്രം എടുത്തിട്ടുണ്ട്. ആ ചിത്രത്തിൽ ഒരു സ്ത്രീ അർദ്ധനഗ്നയാണ്. അതുപിന്നെ മൊബൈൽ ഫോണിൽ കൈമാറി കൈമാറി പോയതായിട്ട് പറയപ്പെടുന്നുണ്ട്. എന്തായാലും വിഷയം ഗുരുതരമായതുകൊണ്ട് ഒട്ടും താമസമില്ലാതെ മൂന്നു ഗൈഡുമാരേയും വനം വകുപ്പ് പിരിച്ചുവിട്ടു കഴിഞ്ഞു. അതുമാത്രമല്ല പോലീസ് അവിടെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസ് രണ്ടു വകുപ്പുകളിലായിട്ടാണ്. ഒന്ന്, ഐ.ടി. ആക്ടിന്റെ സെക്ഷൻ 66(ഇ)യും 67(എ) പ്രകാരവും Indecent representation of Women Act പ്രകാരം സെക്ഷൻ 4 പ്രകാരവുമാണ് കേസ് ബുക്ക് ചെയ്തിട്ടുള്ളത്. പരാതിക്കാരിയായ സ്ത്രീയെ കണ്ടെത്താൻ വേണ്ടി പോലീസ് ഇപ്പോൾ തമിഴ്നാടു പോലീസുമായി ബന്ധപ്പെടുന്നുണ്ട്. ആ സ്ത്രീയെ കണ്ടെത്തിക്കഴിഞ്ഞാൽ കൂടുതൽ ഗൗരവതരമായിട്ടുള്ള വകുപ്പുകൾ പ്രകാരമുള്ള റേപ്പ് ഉൾപ്പെടെയുള്ള കേസ് ബുക്ക് ചെയ്യാനുള്ള സാധ്യത നോക്കുന്നുണ്ട്. ഐ.പി.സി. 377 ചുമത്തുന്നതിനുള്ള സാധ്യതയും ആരായുന്നുണ്ട്. അന്വേഷണമിപ്പോൾ കൊല്ലം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യെ ഏല്പിച്ചുകഴിഞ്ഞിട്ടുണ്ട്. അന്വേഷണം ഡോട്ട് കോമിന്റെ കൈയിലുള്ള മാസ്റ്റർ സി.ഡി.യെപറ്റി ശ്രീ. വി. ഡി. സതീശൻ പറയുകയുണ്ടായി. അത് ലഭ്യമാക്കുന്ന കാര്യത്തിലും ഡിവൈ.എസ്.പി. ശ്രദ്ധിക്കുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ കുറച്ചുകൂടി മുൻപോട്ടു പോകാൻ പറ്റും. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly